LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഇ) തൃശ്ശൂർ-പൊന്നാനി കോൾ മേഖലയുടെ സമഗ്ര വികസനത്തിനായുള്ള സമഗ്ര കോൾനില വികസന പദ്ധതിയുമായി ബന്ധപ്പെട്ട് കോൾനില വികസന സമിതിയും, കോൾ വികസന കൗൺസിലും രൂപീകരിച്ചിരുന്നു. അതിന് പ്രത്യേകം നിയമാവലി സർക്കാർ പുറപ്പെടുവിച്ചിട്ടില്ല. പ്രസ്തുത കോൾ വികസന സമിതിയുടെ ചെയർമാനായാണ് ശ്രീ. ഇ. റ്റി. മുഹമ്മദ് ബഷീർ എം.പി.യെ നിയമിച്ചിട്ടുള്ളത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* തൃശ്ശൂർ ലോകസഭാംഗത്തെ ഒഴിവാക്കിയതല്ല. "തൃശ്ശൂർ-പൊന്നാനി കോൾനില വികസന കൗൺസിൽ" എന്ന പേരിൽ രൂപീകരിച്ച സൊസൈറ്റിയുടെ ബൈലാസ്സ് അംഗീകാരം നൽകണമെന്ന ജില്ലാ കളക്ടറുടെ അപേക്ഷ സർക്കാർ പരിശോധിച്ചുവരികയാണ്.

മൈക്രോലെവൽ സോയിൽ ഇൻഫർമേഷൻ സിസ്റ്റം

221 (3508) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി. ഡി. സതീശൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൈക്രോലെവൽ സോയിൽ ഇൻഫർമേഷൻ സിസ്റ്റം സ്ഥാപിക്കാൻ പദ്ധതിയുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) കർഷകർക്ക് ആധുനിക സാങ്കേതിക വിദ്യയിലൂടെ ഭൂവിവരം ലഭ്യമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിലെ മണ്ണിനങ്ങൾ വളരെ വൈവിധ്യമുള്ളവയാണ്. അന്താരാഷ്ട്ര തലത്തിൽ ലോകത്തിലെ മണ്ണിനങ്ങളെ ആകെ 12 സോയിൽ ഓർഡർ ആയി ക്ലാസിഫൈ ചെയ്തിട്ടുള്ളതിൽ 8 സോയിൽ ഓർഡറുകളും നമ്മുടെ സംസ്ഥാനത്ത് കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ വൈവിധ്യമാർന്ന ഓരോ മണ്ണിനങ്ങൾക്കും യോജിച്ച രീതിയിലുള്ള പരിപാലനമുറകൾ ശാസ്ത്രീയമായി നടപ്പിലാക്കിയാൽ മാത്രമേ മണ്ണിൽ നിന്നും കർഷകന് നല്ല വിളവ് ലഭിക്കുകയുള്ളൂ. പഞ്ചായത്തുകളിൽ വിശദ മണ്ണ് പരിവേഷണത്തിലൂടെ (Detailed soil survey) കഡസ്ട്രൽ തലത്തിൽ സമാഹരിച്ച മണ്ണിനെ സംബന്ധിക്കുന്ന വിവരങ്ങൾ കർഷകർക്കും, ശാസ്ത്രജ്ഞർക്കും, ആസൂത്രകർക്കും മറ്റ് ഉപയോക്താക്കൾക്കും ഉപയോഗപ്രദമാക്കാവുന്ന രീതിയിൽ അനായാസേന ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. കർഷകർക്ക് തങ്ങളുടെ പുരയിടത്തിലെ മണ്ണറിഞ്ഞ് പരിപാലന മുറകൾ ആസൂത്രണം ചെയ്യുന്നതിനായുള്ള എല്ലാ വിവരങ്ങളും ഈ പദ്ധതി വഴി ലഭ്യമാക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു.

(സി) ആധുനിക സാങ്കേതിക വിദ്യകളായ ജി.ഐ.എസ്., ജി.പി.എസ്. റിമോട്ട് സെൻസിംഗ്, ഫീൽഡ്തല പരിശോധന തുടങ്ങിയവ സംയോജിപ്പിച്ച് കൊണ്ടാണ് ഈ മൈക്രോലെവൽ സോയിൽ ഇൻഫർമേഷൻ സിസ്റ്റം സ്ഥാപിക്കുന്നത്. ഓരോ പഞ്ചായത്തിലെയും വിശദമായ മണ്ണ് പരിവേഷണം വഴി ശേഖരിച്ച മണ്ണിന്റെ സ്വഭാവങ്ങളായ രചന, ആഴം മണ്ണൊലിപ്പിന്റെ തീവ്രത, രാസ ഭൗതിക സ്വഭാവങ്ങൾ മുതലായ വിവരങ്ങൾ ക്രോഡീകരിച്ച് അതാതു പഞ്ചായത്തുകളിലെ ഓരോ മണ്ണിന്റെയും ഭൂവിനിയോഗ ക്ഷമത, ജലസേചനക്ഷമത, ഫലഭൂയിഷ്ഠത, വിളഅനുയോജ്യത ഭൂപരിപാലന ആവശ്യകത, മണ്ണിലെ അവശ്യ മൂലകങ്ങളുടെയും സൂക്ഷ്മ മൂലകങ്ങളുടെയും അളവ്, വളപ്രയോഗ ശിപാർശ, പഞ്ചായത്തുകളുടെ നെൽപ്പാടങ്ങളുടെ വിസ്തൃതി, നിലംനികത്തൽ തുടങ്ങിയ വിവരങ്ങളും ഉൾപ്പെടുത്തി കൊണ്ടുള്ള റിപ്പോർട്ടുകളും ഭൂപടങ്ങളും ഈ പദ്ധതി മുഖേന ഉപയോക്താക്കൾക്ക് ലഭ്യമാക്കുന്നു.

(ഡി) കർഷകർക്ക് തങ്ങളുടെ ഭൂമിയിലെ മണ്ണിനെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും സർവ്വെ നമ്പർ അടിസ്ഥാനത്തിൽ നിഷ്പയാസം ലഭ്യമാക്കുന്നതിനായി മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പ് പഞ്ചായത്തുതല വിശദ മണ്ണുപര്യവേഷണം

2012-13-ൽ ആരംഭിക്കുകയും സംസ്ഥാനത്തെ ഓരോ ജില്ലയിലെയും എല്ലാ പഞ്ചായത്തുകളിലും മൈക്രോലെവൽ സോയിൽ ഇൻഫർമേഷൻ സിസ്റ്റം സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ വയനാട്, തൃശ്ശൂർ ജില്ലകളിൽ പഞ്ചായത്തുതലത്തിൽ കഡസ്ട്രൽ മാപ്പുകൾ ഉപയോഗിച്ച് ഫീൽഡ് തലത്തിലുള്ള വിശദ മണ്ണുപര്യവേക്ഷണം പൂർത്തീകരിക്കുകയും, മണ്ണ് സാമ്പിളുകളുടെ ശാസ്ത്രീയമായ രാസഭൗതിക പരിശോധനകൾ സോയിൽ സർവ്വേ വകുപ്പിന്റെ സോയിൽ അനലിറ്റിക്കൽ ലബോറട്ടറികളിൽ പൂർത്തീകരിക്കുകയും ചെയ്തു. ഫീൽഡ്തല വിവരങ്ങളും ലബോറട്ടറി പരിശോധനാ ഫലങ്ങളും സമന്വയിപ്പിച്ചും അപഗ്രഥിച്ചും കാർട്ടോഗ്രാഫി ലബോറട്ടറിയിലെയും ജിയോമാറ്റിക്സ് ലാബിലേയും ആധുനിക സൗകര്യങ്ങൾ (ജി.ഐ.എസ്., ജി.പി.എസ്. റിമോട്ട് സെൻസിംഗ് മുതലായവ) ഉപയോഗിച്ച് ഓരോ പഞ്ചായത്തിന്റെയും സോയിൽ മാപ്പുകൾ, ലാന്റ് ഇറിഗബിലിറ്റി മാപ്പുകൾ, പ്രധാന മൂലകങ്ങളുടെയും സൂക്ഷ്മ മൂലകങ്ങളുടെയും അളവ് കാണിക്കുന്ന മാപ്പുകൾ നെൽവയലിന്റെ വിസ്തൃതി, നെൽവയൽ നികത്തിയത് എന്നിവ കാണിക്കുന്ന മാപ്പുകൾ എന്നിവ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലുമാണ്. തൃശ്ശൂർ ജില്ലയിൽ 88 പഞ്ചായത്തുകളുടെയും വയനാട് ജില്ലയിൽ 25 പഞ്ചായത്തുകളുടെയും ഒരു മുനിസിപ്പാലിറ്റിയുടെയും വിശദ മണ്ണ് പര്യവേക്ഷണം പൂർത്തീകരിക്കുകയും, മൈക്രോലെവൽ സോയിൽ ഇൻഫർമേഷൻ സിസ്റ്റത്തിന്റെ രണ്ടാം ഘട്ടമായി ഇടുക്കി, മലപ്പുറം ജില്ലകളുടെ വിശദ മണ്ണ് പര്യവേക്ഷണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ

222 (3509) ശ്രീ. വി. ടി. ബൽറാം :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത് വിശദമാക്കുമോ ;

(ബി) ഏത്ര പദ്ധതികളിലായാണ് പ്രസ്തുത പ്രവർത്തനങ്ങൾ നടന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly